പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 517 — 20/11/2019 ൽ മറുപടിക്ക്

## മൃഗസംരക്ഷണ മേഖലയിലെ പ്രളയാനന്തര പുനരുദ്ധാരണം

**ചോദ്യം**

ശ്രീ.ചിറ്റയം ഗോപകുമാർ
ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീ.ഇ.കെ. വിജയൻ
ശ്രീമതി. സി.കെ ആശ:

**മറുപടി**

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | പ്രളയാനന്തര നവകേരള നിർമ്മാണത്തിന്റെ ഭാഗമായി മൃഗസംരക്ഷണ മേഖലയെ കെട്ടിപ്പെടുക്കുന്നതിന് റീബിൽഡ് കേരള ഇനീഷ്യേറ്റീവിൽ ഉൾപ്പെടുത്തി സമർപ്പിച്ച പദ്ധതികളുടെ വിശദവിവരങ്ങൾ അറിയിക്കുമോ; | എ) | 1) മേഖല അടിസ്ഥാനത്തിൽ 2 മൊബൈൽ ടെലി വെറ്റിനറി യൂണിറ്റ് സ്ഥാപിക്കുന്ന പദ്ധതി-2.21 കോടി രൂപ.<br>2) കന്നുകാലി ഇൻഷുറൻസ് മാസ്റ്റർ പോളിസി -25 കോടി രൂപ<br>3).ജി.ഐ.എസ്-ആർ.ഐ.ഡി.എഫ് ടെക്നോളജി പദ്ധതി -20 .8 കോടി രൂപ |
| ബി) | നാഷണൽ ലൈവ് സ്റ്റോക്ക് മിഷനിൽ (എൻ.എൽ.എം) ഏതെല്ലാം പദ്ധതികൾ സമർപ്പിച്ചുവെന്ന് വ്യക്തമാക്കുമോ; | ബി) | നാഷണൽ ലൈവ്സ്റ്റോക്ക് മിഷന് കീഴിൽ താഴെ പറയുന്ന പദ്ധതികളാണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്.<br><br>1. കന്നുകാലി ഇൻഷുറൻസ്<br>2. പിന്നാമ്പുറ ആട്ടുവളർത്തൽ വികസന പദ്ധതി (റൂറൽ ബാക്യാർഡ് ഗോട്ട് ഡെവലപ്പ്മെന്റ് പ്രൊജക്റ്റ്)<br>3. സെന്റർ ഓഫ് എക്സലൻസ് ഇൻ ഗോട്ട്.<br>4.മെച്ചപ്പെട്ട പന്നി ജനിതക ദ്രവ്യത്തിന്റെ (ജെം പ്ലാസം )കൃത്രിമ ബീജ സങ്കലനം വഴിയുള്ള വ്യാപനം -കേരള ലൈവ്സ്റ്റോക്ക് ബോർഡ് വഴി നടപ്പിലാക്കുന്ന പദ്ധതി |
| സി) | മൃഗസംരക്ഷണ മേഖലയിലെ വായ്പകൾക്ക് പലിശ ഇളവ് നൽകുന്ന പദ്ധതി പ്രസ്തുത വകുപ്പ് മുഖാന്തിരം നടപ്പാക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | | **സി) & ഡി)**<br><br>മൃഗസംരക്ഷണാവശ്യങ്ങൾക്കായി കർഷകർ എടുത്തിട്ടുള്ള ലോണുകൾക്കുള്ള പലിശ സബ്സിഡി പദ്ധതി (ഇന്ററസ്റ്റ് സബ്‌വെൻഷൻ സ്കീം) മൃഗസംരക്ഷണവകുപ്പ് മുഖാന്തിരം |

| | | | |
|---|---|---|---|
| ഡി) | പ്രസ്തുത പദ്ധതിയുടെ ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; ഇതുവരെ എത്രപേർക്ക് ആനുകൂല്യങ്ങൾ ലഭ്യമായെന്ന കണക്ക് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ? | | നടപ്പിലാക്കി വരുന്നു. മൃഗസംരക്ഷണ മേഖലയിൽ കർഷകർ എടുക്കുന്ന ലോണുകൾ ദീർഘകാല ലോണുകളായാണ് ബാങ്കുകൾ പരിഗണിക്കുന്നത്. ഈ ലോണുകൾക്ക് 10 മുതൽ 12.5% വരെ പലിശയും ബാങ്കുകൾ ഈടാക്കുന്നു. ഈ ലോണുകൾക്ക് പലിശ ഇനത്തിൽ 5000/- രൂപ വരെ പരിധി നിശ്ചയിച്ച് സബ്സിഡി നൽകുന്ന പദ്ധതിയാണിത്. 2019-20 സാമ്പത്തിക വർഷം 200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കുറഞ്ഞത് 3778 പേർക്ക് ഇതുവഴി സഹായം ലഭിക്കും. 2018-19 ൽ സംസ്ഥാനമൊട്ടാകെ 6291 കർഷകർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ